ധനകാര്യ നിർദ്ദേശങ്ങൾ

52.. ഇനി, ഞാൻ 1986-87-ലെ ധനകാര്യ നിർദ്ദേശങ്ങളിലേക്കു കടക്കട്ടെ.

സ്റ്റാമ്പ് നിയമ ഭേദഗതിക്കമ്മീഷൻ റിപ്പോർട്ടിൻമേൽ നടപടി :

53. വസ്തുവിന്റെ മൂല്യം പ്രമാണത്തിൽ കുറച്ചു കാണിക്കുന്നതിന്റെ ഫലമായി സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിന് ഒരു പുതിയ സമ്പ്രദായം ഞാൻ കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശിച്ചിരുന്നല്ലോ. അതിന്റെ വിശദാംശങ്ങൾ പഠിച്ചു റിപ്പോർട്ടു ചെയ്യാൻ ഒരു കമ്മീഷനെ നിയമിക്കുന്നതാണെന്നും അന്നു പ്രസ്താവിച്ചിരുന്നു. അതനുസരിച്ചുള്ള കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൻമേൽ ആവശ്യമായ തീരുമാനം താമസംവിനാ കൈക്കൊള്ളുന്നതാണ്. പ്രമാണങ്ങളിൽ ഇപ്രകാരം വിലകുറച്ചു കാണിക്കുന്നതുകൊണ്ടുണ്ടാകുന്ന നികുതി നഷ്ടം ഒഴിവാക്കുവാൻ ഫലപ്രദമായ നടപടികളെടുത്താൽ വർഷംതോറും 50 കോടി രൂപയുടെയെങ്കിലും അധികവരുമാനം ഉണ്ടാകുമെന്നാണ് അടുത്ത വർഷത്തെ പദ്ധതി വിഭവസമാഹരണത്തെ സംബന്ധിച്ച് ഗവൺമെന്റിനു ലഭിച്ച വിദഗ്ദ്ധോപദേശത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ നയപരമായ തീരുമാനമെടുക്കാനും നിയമനടപടികൾ സ്വീകരിക്കാനും സമയം ആവശ്യമായതിനാൽ 1986-87-ലേക്ക് ഈ ഇനത്തിൽനിന്ന് 20 കോടി രൂപയുടെ അധിക വരുമാനമേ ഞാൻ കണക്കാക്കുന്നുള്ളൂ.

വില്പന നികുതി രജിസ്ട്രേഷൻ സർട്ടിഫിക്കറ് നൽകുന്നതിന് സമയപരിധി :

54. വില്പന നികുതി നിയമം 14-ാം വകുപ്പനുസരിച്ച് രജിസ്ട്രേഷനുവേണ്ടി വ്യാപാരികൾ അപേക്ഷകൾ സമർപ്പിച്ചാൽ അതിൻമേൽ തീരുമാനം കൈക്കൊള്ളുവാൻ വളരെയേറെ കാലതാമസം ഉണ്ടാകുന്നതായി ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. നിയമത്തിൽ സമയപരിധി നിഷ്കർഷിക്കാത്തതുമൂലമാണ് ഇപ്രകാരം സംഭവിക്കുന്നത്. അതിനാൽ ഇനിമേൽ രജിസ്ട്രേഷനുള്ള അപേക്ഷ കിട്ടിയാൽ ആറാഴ്ചയ്ക്കകം ആവശ്യമായ അന്വേഷണങ്ങൾ പൂർത്തിയാക്കി തീരുമാനം എടുക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് നിയമഭേദഗതി വരുത്തുന്നതായിരിക്കും.

വില്പന നികുതി നിരക്കുകളുടെ പരിഷ്കരണം

ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്റേയും ജെറ് പെട്രോളിന്റേയും നിരക്കുകൾ ഏകീകരിക്കുന്നു :

55. ഇപ്പോൾ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന് എട്ടു ശതമാനവും ജെറ് പെട്രോളിന് നാലു ശതമാനവും നിരക്കിലാണ് വില്പന നികുതി ഈടാക്കുന്നത്; എന്നാൽ ഈ നിരക്കുകൾ അയൽ സംസ്ഥാനങ്ങളുടേതിൽനിന്ന് വളരെ താഴ്ന്നതാണ്. മാത്രമല്ല, ഏവിയേഷൻ ഗ്യാസൊലിന് 12 ശതമാനവും പെട്രോളിന് 15 ശതമാനവും നിരക്കിൽ വില്പന നികുതി ഈടാക്കുന്നുണ്ട്. ആ സ്ഥിതിക്ക് വിമാന ഇന്ധനങ്ങൾക്ക് നിലവിലുള്ള നികുതി നിരക്ക് വർദ്ധിപ്പിക്കുന്നത് തികച്ചും ന്യായയുക്തമാണ്. അതിനാൽ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്റേയും

LIBRARY ARCHIVES Kerala Legislative Assembly